എ.വൈ.ആർ

സൂറ-11

# ഹൂദ്

وَجَآءَهُۥ قَوۡمُهُۥ يُهۡرَعُونَ إِلَيۡهِ وَمِن قَبۡلُ كَانُواْ يَعۡمَلُونَ ٱلسَّيِّـَٔاتِۚ
قَالَ يَٰقَوۡمِ هَٰٓؤُلَآءِ بَنَاتِي هُنَّ أَطۡهَرُ لَكُمۡۖ فَٱتَّقُواْ ٱللَّهَ وَلَا تُخۡزُونِ فِي
ضَيۡفِيٓۖ أَلَيۡسَ مِنكُمۡ رَجُلٞ رَّشِيدٞ ﴿٧٨﴾

**78** നാട്ടുകാർ അദ്ദേഹത്തിന്റെ വീട്ടിൽ കുതിച്ചെത്തി. അവരിത്തരം മ്ലേഛവൃത്തികളിൽ മുമ്പേ നിരതരായിരുന്നു. ലൂത്ത് അവരോടപേക്ഷിച്ചു: എന്റെ സമുദായമേ, എന്റെ പെൺമക്കളിതാ. അവരാണല്ലോ നിങ്ങൾക്ക് ഏറ്റം വിശുദ്ധരായിട്ടുള്ളവർ. അല്ലാഹുവിനെ ഭയപ്പെടുവിൻ. അതിഥികൾക്കു മുമ്പിൽ എന്നെ നാണം കെടുത്തരുതേ! നിങ്ങളുടെ കൂട്ടത്തിൽ വിവേകമുള്ള ഒറ്റയാളുമില്ലേ?

قَالُواْ لَقَدۡ عَلِمۡتَ مَا لَنَا فِي بَنَاتِكَ مِنۡ حَقّٖ وَإِنَّكَ لَتَعۡلَمُ مَا نُرِيدُ ﴿٧٩﴾

**79** അവർ ഘോഷിച്ചു: നിന്റെ പെൺമക്കളിൽ ഞങ്ങൾക്ക് യാതൊരു താൽപര്യവുമില്ലെന്നു നിനക്കറിയാമല്ലോ. ഞങ്ങളാഗ്രഹിക്കുന്നതെന്താണെന്നും നിനക്കറിയാം.

قَالَ لَوۡ أَنَّ لِي بِكُمۡ قُوَّةً أَوۡ ءَاوِيٓ إِلَىٰ رُكۡنٖ شَدِيدٖ ﴿٨٠﴾

**80** ലൂത്ത് കേണു: നിങ്ങളെ തടയാൻ എനിക്കു ശക്തിയുണ്ടായിരുന്നെങ്കിൽ! അല്ലെങ്കിൽ എനിക്കവലംബിക്കാൻ ബലിഷ്ഠമായ ഒരു താങ്ങുണ്ടായിരുന്നെങ്കിൽ!!

وَجَآءَهُ= അദ്ദേഹത്തിന്റെ അടുക്കൽ വന്നു(എത്തി) قَوۡمُهُ= അദ്ദേഹത്തിന്റെ ജനം(നാട്ടുകാർ)

يُهۡرَعُونَ إِلَيۡهِ= അദ്ദേഹത്തി(ന്റെ വീട്ടി)ലേക്ക് കുതിച്ചു പാഞ്ഞുകൊണ്ട് وَمِن قَبۡلُ= മുമ്പേ

كَانُواْ يَعۡمَلُونَ= അവർ ചെയ്തുകൊണ്ടിരുന്നു(വ്യാപൃതരായിരുന്നു)

ٱلسَّيِّـَٔاتِ= (ഇത്തരം) മ്ലേഛവൃത്തികൾ

قَالَ= അദ്ദേഹം പറഞ്ഞു (ലൂത്ത് ജനത്തോട് അപേക്ഷിച്ചു) يَٰقَوۡمِ= എന്റെ ജനമേ

هَٰٓؤُلَآءِ بَنَاتِي= ഇക്കൂട്ടർ(ഇതാ) എന്റെ പെൺമക്കൾ هُنَّ= അവരാകുന്നു

أَطْهَرُ لَكُمْ= നിങ്ങൾക്കു ഏറ്റം വിശുദ്ധകളായിട്ടുള്ളവർ

فَٱتَّقُوا۟ ٱللَّهَ= നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുവിൻ

وَلَا تُخْزُونِ= എന്നെ നിന്ദിക്കരുതേ, നാണം കെടുത്തരുതേ

فِى ضَيْفِىٓ= എന്റെ അഥിതികളിൽ (ളുടെ മുമ്പിൽ, കാര്യത്തിൽ)

أَلَيْسَ مِنكُمْ= നിങ്ങളുടെ കൂട്ടത്തിൽ ഇല്ലയോ? رَجُلٌ= ഒരു പുരുഷൻ (ഒറ്റയാളും)

رَّشِيدٌ= വിവേകമുള്ളവൻ قَالُوا۟= അവർ പറഞ്ഞു لَقَدْ عَلِمْتَ= തീർച്ചയായും നിനക്കറിയാമല്ലോ

مَا لَنَا= ഞങ്ങൾക്ക് ഇല്ല فِى بَنَاتِكَ= നിന്റെ പെൺമക്കളിൽ

مِنْ حَقٍّ= യാതൊരു ഉത്തരവാദിത്വവും, അവകാശവും, താൽപര്യവും

وَإِنَّكَ لَتَعْلَمُ= തീർച്ചയായും നിനക്കറിയാം مَا نُرِيدُ= ഞങ്ങൾ ആഗ്രഹിക്കുന്നത് (എന്തെന്നും)

قَالَ= അവൻ പറഞ്ഞു (ലൂത്ത് കേണു) لَوْ أَنَّ لِى= എനിക്ക് ഉണ്ടെങ്കിൽ

بِكُمْ= നിങ്ങളെ (തടയാൻ) കൊണ്ട് قُوَّةً= ശക്തി

أَوْ ءَاوِىٓ= അല്ലെങ്കിൽ ഞാൻ അഭയം പ്രാപിക്കുന്നുവെങ്കിൽ (അവലംബിക്കാൻ) ഉണ്ടായിരുന്നെങ്കിൽ

إِلَىٰ رُكْنٍ= ഒരു സ്തംഭത്തിലേക്ക് (ഒരുതാങ്ങ്) شَدِيدٍ= ബലിഷ്ഠമായ

**78:** ലൂത്ത് നബിയുടെ വീട്ടിൽ സുന്ദരന്മാരായ അതിഥികളെത്തിയ വിവരമറിയേണ്ട താമസം, നാട്ടുകാർ ആ വീട്ടിലേക്ക് കുതിച്ചു. അതിഥികളുടെ ആഗമന വാർത്ത ലൂത്ത് നബിയുടെ ഭാര്യയാണത്രെ നാട്ടുകാരെ അറിയിച്ചത്. നാട്ടുകാരുടെ സ്വവർഗാസക്തിയെ പ്രോത്സാഹിപ്പിക്കുന്ന സ്ത്രീയായിരുന്നു അവർ. ലൂത്ത് ജനതയിലെ സ്ത്രീകൾ സ്വവർഗ പ്രേമികളായിരുന്നുവെന്നോ അല്ലെന്നോ ഖുർആനും ബൈബിളും പറയുന്നില്ല. ആധുനിക കാലത്ത് സ്വവർഗരതി പ്രചാരം നേടുന്ന സമൂഹങ്ങളിൽ അത് പുരുഷന്മാരിലും സ്ത്രീകളിലും ഒരുപോലെ കണ്ടുവരുന്നുണ്ട്. ലൂത്ത് ജനതയുടെ സ്ഥിതിയും ഇതു തന്നെ ആയിക്കൂടായ്കയില്ല. ലൂത്ത് നബിയുടെ ഭാര്യ പ്രവാചകനോടൊപ്പം നാടുവിട്ടുപോകാതെ ശിക്ഷിക്കപ്പെടാൻ ബാക്കിയായവരുടെ കൂട്ടത്തിൽപെട്ടവളായിരുന്നു. كَانَتْ مِنَ ٱلْغَٰبِرِينَ എന്ന് ഖുർആൻ പറയുന്നുണ്ട്. നാട്ടുകാരുടെ പാപത്തിൽ അവരും പങ്കാളിയായിരുന്നുവെന്നാണത് സൂചിപ്പിക്കുന്നത്. അതിഥികളുടെ വരവ് നാട്ടുകാരെ അറിയിക്കാൻ അവർ വീടിന്റെ മേൽതട്ടിൽ കയറി കൈകാട്ടിയെന്നും ആളുകൾ അതു ശ്രദ്ധിക്കുന്നില്ലെന്ന് കണ്ടപ്പോൾ പന്തം കത്തിച്ചു കാണിച്ചുവെന്നുമൊക്കെ നിവേദനമുണ്ട്.

ബീഭത്സമായ രീതിയിൽ കുതിച്ചോടി എന്നർഥമുള്ള أهرع യുടെ ബഹുവചന വർത്തമാന ക്രിയാരൂപമാണ് يُهْرَعُونَ. ആ നാട്ടുകാർ ഈ അനാശാസ്യ നടപടിയിൽ എന്തുമാത്രം ഭ്രമിച്ചുപോയിരുന്നു എന്നു വെളിപ്പെടുത്തുന്നതാണീ പദപ്രയോഗം. ഈ സന്ദർഭത്തിൽ ലൂത്ത് അനുഭവിച്ച മനോവ്യഥയുടെയും നിസ്സഹായതയുടെയും കൊടുമയും അതിൽ നിന്ന് മനസിലാക്കാം. ലൂത്ത് നബിയുടെ വീട്ടിലുണ്ടായത് ഒരൊറ്റപ്പെട്ട സംഭവമല്ല. കുറെ നാളായി നാട്ടിൽ നടന്നുവരുന്ന സ്ഥിരം സമ്പ്രദായമാണത്. ഈ അനാശാസ്യ നടപടി പരസ്യമായിത്തന്നെ അരങ്ങേറിയിരുന്നു. وَتَأْتُونَ فِى نَادِيكُمُ ٱلْمُنكَرَ "നിങ്ങൾ സഭകളിൽ നീചവൃത്തികളിലേർപ്പെടുന്നു"(29:29) എന്നും അവർക്കുമുമ്പ് ഒരു ജനവും അങ്ങനെ ചെയ്തിരുന്നില്ല. أَتَأْتُونَ ٱلْفَٰحِشَةَ مَا سَبَقَكُم بِهَا مِنْ أَحَدٍ مِّنَ ٱلْعَٰلَمِينَ "നിങ്ങൾക്കുമുമ്പ് ലോകത്ത് ഒരു കൂട്ടരും ചെയ്തിട്ടില്ലാത്ത മ്ലേഛവൃത്തിയിലേർപ്പെടുന്നുവോ നിങ്ങൾ" (7:80) എന്നും ഖുർആൻ ചോദിച്ചിട്ടുണ്ട്. സദോമുകാർക്ക് ശേഷവും ഈ മ്ലേഛ വൃത്തിയിൽ ഇത്രത്തോളം തൽപരരായ മറ്റൊരു ജനത ചരിത്രത്തിൽ കാണപ്പെടുന്നില്ല. എന്നാൽ 20–ാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങൾ മുതൽ ലോകത്ത് പലയിടത്തും സ്വവർഗരതിയും സ്വവർഗപ്രണയവും പ്രചാരം നേടുന്നുണ്ട്. ചില രാജ്യങ്ങൾ സ്വവർഗ വിവാഹം വരെ നിയമവിധേയമാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇന്ത്യയെപ്പോലുള്ള ചില രാജ്യങ്ങൾ നിയമവിരുദ്ധമായ അനാശാസ്യനടപടികളുടെ പട്ടികയിൽനിന്ന് സ്വവർഗ ഭോഗത്തെ ഒഴിവാക്കു

ന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. ദൽഹി ഹൈക്കോടതി 2009ൽ അതിനനുകൂലമായ ഒരു വിധി പുറപ്പെടുവിച്ചിരിക്കുന്നു. പെൺവേശ്യകളെന്നപോലെ ആൺവേശ്യകളും സംഘടിച്ചു തുടങ്ങിയിരിക്കുന്നു. സ്വവർഗ വിവാഹങ്ങളും അങ്ങിങ്ങു അരങ്ങേറുന്നുണ്ട്. ഈ പ്രവണതകളൊക്കെ വളർന്ന് പരമകാഷ്ഠയിലെത്തുമ്പോഴുള്ള അവസ്ഥയാണ് ലൂത്ത് നബിയുടെ കാലത്തെ സദോമുകാർ കാണിച്ചു തരുന്നത്.

മനുഷ്യനിൽ പ്രകൃത്യാ തന്നെ ധർമബോധം എന്നപോലെ അധർമ പ്രവണതയുമുണ്ട്. വ്യക്തികൾ അധർമങ്ങളിലേർപ്പെടുമ്പോഴും തങ്ങൾ ചെയ്യുന്നത് അധർമമാണെന്ന ബോധം ഉണ്ടായിരിക്കും. ഒപ്പം സമൂഹത്തിലെ ഭൂരിപക്ഷം ആളുകൾ അയാളുടെ നടപടിയെ വിമർശിക്കുകയും ചെയ്യും. വ്യക്തിക്ക് താൻ ചെയ്യുന്ന അധർമം അധർമമാണെന്ന ബോധം ഇല്ലാതിരിക്കുകയും ഭൂരിപക്ഷം സമൂഹം അതിനെ വിമർശിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥ ഭയാനകമാണ്. അവിടെ ധർമാധർമങ്ങൾക്കിടയിലുള്ള അതിർവരമ്പ് മാഞ്ഞുപോകുന്നു. സമൂഹം വിമർശിക്കുകയില്ലെങ്കിൽ ദൈവവിശ്വാസമില്ലാത്തവർക്ക് എന്തധർമവും അനാശാസ്യവും പ്രവർത്തിക്കാൻ യാതൊരു ലജ്ജയും ഉണ്ടാവില്ല. ആരെയും ഭയക്കേണ്ടതുമില്ല. വ്യക്തികൾക്ക് ചെയ്യാൻ സ്വാതന്ത്ര്യവും അവകാശവുമുള്ള ഒരു നടപടിയായി സ്വവർഗഭോഗത്തെ അംഗീകരിക്കുകയായിരുന്നു ലൂത്ത് ജനത. അതോടെ ആർക്കും ആ നടപടിയിൽ ഏർപ്പെടാൻ ഭയമോ ലജ്ജാലേശമോ ഇല്ലാതായി. ഈ നിർലജ്ജതയും നിർഭയത്വവും അയൽ വീട്ടിൽ വരുന്ന അപരിചിതരായ അതിഥികളുടെ മേൽ ഭോഗാസക്തരായി ചാടിവീഴാൻ വരെ അവരെ ധൃഷ്ടരാക്കി.

സമൂഹത്തിൽ ഒറ്റപ്പെട്ട വ്യക്തികളിൽ ലൈംഗിക ചാപല്യമായോ മനോവൈകല്യമായോ സ്വവർഗരതിയിലേർപ്പെടുന്നവരുണ്ടാവാം. അവരും മറ്റുള്ളവരും അതൊരു വൈകല്യവും ചാപല്യവുമായി കാണുമ്പോൾ അത്ര അപകടകരമല്ല. എന്നാൽ അവരും സമുദായവും അതു വ്യക്തിസ്വാതന്ത്ര്യത്തിന്റെയും മൗലികാവകാശത്തിന്റെയും താൽപര്യമായി കാണുമ്പോൾ രോഗത്തെ ആരോഗ്യമായും ആരോഗ്യത്തെ രോഗമായും കൈക്കൊള്ളലായി മാറുന്നു. ആധുനിക ലോകത്ത് പല വിഷയങ്ങളിലുമെന്നപോലെ ഈ വിഷയത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്നത് അതാണ്.

തങ്ങൾക്ക് ഇഷ്ടമുള്ളത് ചെയ്യാൻ അവകാശവും സ്വാതന്ത്ര്യവുമുണ്ട്. അതു വിലക്കാൻ ആർക്കും അധികാരമില്ല. ഇതായിരുന്നു ലൂത്ത് ജനതയുടെ നിലപാട്. സ്വവർഗരതിയെ ലൈംഗിക സ്വാതന്ത്ര്യം, വ്യക്തിസ്വാതന്ത്ര്യം, മൗലികാവകാശം തുടങ്ങിയ മുദ്രാവാക്യങ്ങളുയർത്തി ന്യായീകരിക്കുന്നവരുടെയും അടിസ്ഥാനപരമായ നിലപാട് അതുതന്നെയാണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ എഴുപതുകൾ വരെ സ്വവർഗരതി സ്വഭാവവൈകല്യവും മനോവൈകൃതവുമായിട്ടാണ് കണക്കാക്കപ്പെട്ടിരുന്നത്. കുടുംബപശ്ചാത്തലവും സാമൂഹിക സാഹചര്യവും ഈ വൈകല്യത്തെ വളർത്തുന്നതിൽ പങ്കുവഹിക്കുന്നതായും കണ്ടെത്തിയിരുന്നു. വിദ്യാഭ്യാസത്തിലൂടെയും മനശാസ്ത്ര സമീപനത്തിലൂടെയും ശിക്ഷണ നടപടികളിലൂടെയും ഈ വൈകല്യം മാറ്റിയെടുക്കാൻ കഴിയുമെന്ന കാര്യത്തിൽ തർക്കമുണ്ടായിരുന്നില്ല. ജനിതക വൈകല്യം, മനോദൗർബല്യം തുടങ്ങിയ കാരണങ്ങളൊന്നും അതിനെ അംഗീകരിക്കാനും അനുവദിക്കാനുമുള്ള ന്യായമായി ഉന്നയിക്കപ്പെട്ടിരുന്നില്ല. മോഷ്ടിക്കാനുള്ള വാസന ചില കുട്ടികളിൽ ഒരു മനോവൈകല്യമായി കാണാറുണ്ട്. ക്ലെപ്റ്റോമാനിയ എന്ന രോഗമായിട്ടാണത് കണക്കാക്കപ്പെടുന്നത്. എങ്കിലും മൂല്യബോധമുള്ള ഒരു സമൂഹവും മോഷ്ടാക്കളെ ശിക്ഷിക്കാതിരിക്കുന്നില്ല. ശിക്ഷകൊണ്ട് ഫലം ലഭിക്കുന്നുണ്ട് താനും. ഇതുതന്നെയായിരുന്നു സ്വവർഗരതിയോടും പൊതുവിലുള്ള സമീപനം. 1973 ൽ അമേരിക്കൻ സൈക്യാട്രിക് അസോസിയേഷൻ സ്വവർഗരതിയെ മനോരോഗങ്ങളുടെ പട്ടികയിൽനിന്ന് ഒഴിവാക്കി. സ്വവർഗരതി മനുഷ്യന്റെ സാധാരണ സ്വഭാവരീതികളിലൊന്നാണ് എന്ന ധാരണ ഇതു വ്യാപകമാക്കി. അനുകൂലമായ ഗവേഷണ ഫലങ്ങളോ ന്യായങ്ങളോ പ്രത്യക്ഷപ്പെട്ടതുകൊണ്ടല്ല മനശാസ്ത്രജ്ഞന്മാർ ഈ തീരുമാനമെടുത്തത്. അനാശാസ്യമായ ലൈംഗിക ബന്ധങ്ങൾ പെരുകിയപ്പോൾ നിയമനിർമാതാക്കൾ വ്യഭിചാരം നിയമവിധേയമാക്കിയതുപോലുള്ള നടപടിയായിരുന്നു അത്. സ്വവർഗരതിയെ ധാർമികവും നിയമപരവുമായ സാധാരണ ബന്ധമായി അംഗീകരിക്കുന്ന സമൂഹത്തിന്റെ പ്രയാണം ലൂത്ത് ജനതയുടെ പതനത്തിലേക്കാണ്. ഭാഗ്യവശാൽ ലോകത്ത് ഇന്നും ഭൂരിപക്ഷം ജനങ്ങൾ ഈ നടപടിയെ അധാർമികവും പ്രകൃതിവിരുദ്ധവുമായി കാണുന്നു എന്നതാണ് ആ ദുരന്തത്തെ തൽക്കാലം അകറ്റി നിർത്തുന്നത്.

സ്വവർഗരതി നിയമവിധേയമായ ആചാരമായി അംഗീകരിക്കപ്പെടുന്നത് മനുഷ്യരാശിയുടെ നില

നിൽപിനെയും ആരോഗ്യത്തെയും എവ്വിധം പ്രതികൂലമായി ബാധിക്കുമെന്ന് *ഖുർആൻബോധനം* സൂറ *അൽഅഅ്റാഫ്* 80,81 സൂക്തങ്ങൾക്ക് താഴെ ചർച്ച ചെയ്തിട്ടുണ്ട്. എതിർലിംഗങ്ങൾ തമ്മിലുള്ള ലൈംഗികബന്ധം ഇല്ലാതാകുമ്പോൾ സമൂഹത്തിൽ പ്രജനനം സ്തംഭിക്കുന്നു എന്നതു മാത്രമല്ല അത്. മാരകമായ എയ്ഡ്സ്, സിഫിലിസ് ഉൾപ്പെടെയുള്ള അനേകം രോഗങ്ങൾക്ക് സ്വവർഗഭോഗം കാരണമാകുന്നതായി വൈദ്യശാസ്ത്രം പറയുന്നു. മനുഷ്യവർഗത്തിന്റെ നിലനിൽപിനെത്തന്നെ ഭീഷണിപ്പെടുത്തുന്നവയാണിത്തരം രോഗങ്ങൾ.

ഖുർആൻ ലൂത്ത് ജനതയുടെ ദുരന്തം ആവർത്തിച്ചവതരിപ്പിക്കുന്നതിൽനിന്നുതന്നെ ഇസ്‌ലാം ഈ തിന്മയെ എങ്ങനെ വീക്ഷിക്കുന്നുവെന്ന് വ്യക്തമാണ്. സ്വവർഗഭോഗം അനാശാസ്യവും ശിക്ഷാർഹമായ കുറ്റവുമാണെന്നകാര്യത്തിൽ ഇസ്‌ലാമിക കർമശാസ്ത്രജ്ഞന്മാർക്കിടയിൽ തർക്കമില്ല. എന്നാൽ എന്താണതിന്റെ ശിക്ഷ എന്ന കാര്യത്തിൽ തർക്കമുണ്ട്. ചില പണ്ഡിതന്മാർ സ്വവർഗഭോഗികൾ വധാർഹരാണെന്നു വിധിച്ചിരിക്കുന്നു. മറ്റു ചിലർ വ്യഭിചാരികളുടെ ശിക്ഷ ഇവർക്കും ബാധകമാണെന്നഭിപ്രായപ്പെട്ടിരിക്കുന്നു. സ്വവർഗഭോഗികൾക്കുള്ള ശിക്ഷ അതതുകാലത്തെ അധികാരികൾ യുക്തംപോലെ നിശ്ചയിക്കേണ്ടതാണെന്നാണ് മൂന്നാമത്തെ അഭിപ്രായം. ഇതാണ് കൂടുതൽ സാധുവായിത്തോന്നുന്നത്. നബി(സ) ഏതെങ്കിലും സ്വവർഗഭോഗിയെ ശിക്ഷിച്ചതായി ഉദ്ധരിക്കപ്പെടുന്നില്ല. നബി നിർദേശിച്ചതായി ഉദ്ധരിക്കപ്പെടുന്ന ശിക്ഷയാകട്ടെ പലരീതിയിലുമുള്ളതാണ്. ആ വചനങ്ങളുടെ സ്വഭാവം തന്നെ അവ പ്രവാചകൻ പറഞ്ഞതു തന്നെയോ എന്ന് സംശയമുണർത്തുന്നതാണ്. അവയുടെയൊന്നും നിവേദക ശ്രേണി പ്രബലമല്ല എന്നത് ആ സന്ദേഹത്തെ ബലപ്പെടുത്തുകയും ചെയ്യുന്നു. കൂടുതൽ സാധുവായി തോന്നുന്ന മൂന്നാമത്തെ അഭിപ്രായത്തിന്റെ വക്താക്കൾ ഇമാം അബൂഹനീഫ, മുഅയ്യദുബില്ലാഹ് തുടങ്ങിയവരാണ്. ഇമാം ശാഫിഈയും ഒരിക്കൽ ഇങ്ങനെ അഭിപ്രായപ്പെട്ടതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു.

ലൂത്ത്(അ) എന്റെ പെൺമക്കളിതാ هَـٰٓؤُلَآءِ بَنَاتِى എന്നു പറയുന്നത് സ്വന്തം പെൺമക്കളെ ഉദ്ദേശിച്ചാകാം, സമുദായത്തിലെ യുവതികളെ പൊതുവിൽ ഉദ്ദേശിച്ചുമാകാം. പ്രവാചകൻ അദ്ദേഹത്തിന്റെ സമുദായത്തിന്റെ ആചാര്യനും പിതൃസ്ഥാനീയനുമാകുന്നു. ആ അർഥത്തിൽ സമുദായത്തിലെ സ്ത്രീപുരുഷന്മാരെല്ലാം അദ്ദേഹത്തിന്റെ മക്കളാണ്. ഉദ്ദേശിച്ചത് ആരെയായാലും അവരെ വ്യഭിചരിച്ചുകൊള്ളുക എന്നല്ല അതിന്റെ അർഥം. പുരുഷന്മാർ ലൈംഗികാസക്തി ശമിപ്പിക്കേണ്ടത് സ്ത്രീകളിലൂടെയാണ്. ഇവിടെ ഇതാ എന്റെ പുത്രിമാരടക്കം ഇഷ്ടംപോലെ സ്ത്രീകളുണ്ടതാനും. അവരിലാരെ വേണമെങ്കിലും നിങ്ങൾക്കു വേൾക്കാം. هُنَّ أَطۡهَرُ لَكُمۡۖ അവരാണ് നിങ്ങൾക്ക് ഏറ്റം പരിശുദ്ധകളായിട്ടുള്ളവർ എന്ന വാക്യം അവിഹിതമോ അവിശുദ്ധമോ ആയിട്ടുള്ള ബന്ധമല്ല അദ്ദേഹം ഉദ്ദേശിച്ചതെന്നു വ്യക്തമാകുന്നു. ജനം ഇപ്പോൾ ഒരുമ്പെട്ടിട്ടുള്ള നടപടി മ്ലേഛവും അശുദ്ധവുമാണെന്ന ധ്വനിയും അതുൾക്കൊള്ളുന്നു. തുടർന്നുള്ള അല്ലാഹുവിനെ പേടിക്കുവീൻ فَٱتَّقُواْ ٱللَّهَ എന്നവാക്യം ഈ ആശയങ്ങളെ ദൃഢീകരിക്കുകയും ചെയ്യുന്നു. അതിഥികൾക്കു മുമ്പിൽ എന്നെ നാണം കെടുത്തരുതേ وَلَا تُخۡزُونِ فِى ضَيۡفِىٓۖ എന്ന വാക്യത്തിൽ ആ വിശുദ്ധ പ്രവാചകന്റെ നിസ്സഹായതയും ദൈന്യതയും പൂർണമായി പ്രതിഫലിക്കുന്നുണ്ട്. ലൂത്ത്(അ) ജനങ്ങളുമായി വാദപ്രതിവാദം നടത്തുകയായിരുന്നില്ല. ധർമബോധം തൊട്ടുതെറിച്ചിട്ടുള്ളവരുടെ മനസാക്ഷിയെ ഉണർത്താനുതകുന്ന വാക്കുകളിൽ തന്റെ അതിഥികളെ ദ്രോഹിക്കരുതെന്നും തന്നെ അപമാനിക്കരുതെന്നും അല്ലാഹുവിന്റെ പേരിൽ അപേക്ഷിക്കുകയായിരുന്നു.

വിവേകത്തിന്റെ കണികയെങ്കിലുമുള്ളവർക്ക് മനസിലാക്കാൻ പര്യാപ്തമായതൊക്കെ ഞാൻ പറഞ്ഞു കഴിഞ്ഞു. നിങ്ങളുടെ കൂട്ടത്തിൽ വിവേകമുള്ളവരാരെങ്കിലുമുണ്ടെങ്കിൽ അതുൾക്കൊണ്ട് ഞങ്ങളെ ഉപദ്രവിക്കാതെ പിരിഞ്ഞുപോകണം എന്നാണ് أَلَيۡسَ مِنكُمۡ رَجُلٌ رَّشِيدٌ എന്ന വാക്യത്തിന്റെ താൽപര്യം. സദാചാരത്തെയും ധർമത്തെയും കുറിച്ച് നേരിയ വിചാരമെങ്കിലുമുണ്ടെങ്കിൽ അതുകേട്ട് അവരുടെ മനസാക്ഷി ചലിക്കേണ്ടതായിരുന്നു. പക്ഷെ മനസാക്ഷിക്ക് ജീവനുള്ള ഒരാളും അക്കൂട്ടത്തിലുണ്ടായിരുന്നില്ല.

**79:** അതുകൊണ്ട് അവർ പ്രതികരിച്ചതിങ്ങനെയാണ്: നിന്റെ ഈ ധർമോപദേശമൊന്നും ഞങ്ങൾക്കു കേൾക്കേണ്ട. നിന്റെ പെൺമക്കളെയും ഞങ്ങൾക്കു വേണ്ട. مَا لَنَا فِى بَنَاتِكَ مِنۡ حَقٍّ നിന്റെ പെൺമക്കളിൽ ഞങ്ങൾക്ക് യാതൊരു حق ഉം ഇല്ല എന്നാണ് മൂലവാക്യം. അവകാശം, അർഹത, ബാധ്യത, ധർമം, സത്യം എന്നൊക്കെ حق ന് അർഥമുണ്ട്. ഈ അർഥങ്ങളെല്ലാം ഉദ്ദേശിച്ചുകൊണ്ടാണ്

'താൽപര്യം' എന്ന് തർജമ ചെയ്തത്. അതായത് ധാർമികമായി ഞങ്ങളർഹിക്കുന്ന ഇണകൾ സ്ത്രീകളാണെന്നും അവർക്ക് ഞങ്ങളിലും ഞങ്ങൾക്ക് അവരിലും അവകാശ ബാധ്യതകളുണ്ടെന്നും ഞങ്ങൾ വിശ്വസിക്കുന്നില്ലെന്ന് നിനക്കുതന്നെ അറിയാമല്ലോ. ഞങ്ങൾ ഇണകളായി ആഗ്രഹിക്കുന്നത് നിന്റെ അതിഥികളെപ്പോലുള്ള ആണുങ്ങളെയാണെന്നും നിനക്കറിയാം. അതുകൊണ്ട് ഞങ്ങളെ തടയാൻ ശ്രമിക്കുന്നത് വെറുതെയാണ്. ഞങ്ങളാഗ്രഹിച്ചത് ചെയ്യാനനുവദിക്കുകയാണ് നിനക്കു നല്ലത്.

**80:** തന്റെ അതിഥികളെ ദ്രോഹിക്കാനെത്തിയ തെമ്മാടികളെ തടയുന്നതിൽ താൻ പൂർമണമായി പരാജയപ്പെട്ടുവെന്നു തോന്നിയപ്പോൾ ലൂത്ത് നബിയിൽ നിന്നുയർന്ന നൈരാശ്യപ്രകടനമാണിത്. لِى بِكُمْ قُوَّةً എന്നവാക്ക് لى عليكم قوّة നിങ്ങൾക്കെതിരെ അല്ലെങ്കിൽ നിങ്ങളെക്കാൾ എനിക്കു ശക്തിയുണ്ട്– എന്ന അർഥത്തിലാണ്. എനിക്കതിനു കഴിയില്ല. അല്ലെങ്കിൽ ജയിക്കാനാവില്ല എന്ന അർഥത്തിൽ ما لي بهذا قوّة എന്നു പറയും. സൂറ *അൽബഖറ* 249–ാം സൂക്തത്തിൽ لَا طَاقَةَ لَنَا ٱلْيَوْمَ بِجَالُوتَ എന്ന് ഇസ്രാഈല്യർ പറയുന്നത് ഈയർഥത്തിലാണ്. ഇവിടെ പരാമർശിച്ച قوّةൽ കായബലവും ബന്ധുബലവും പാർട്ടിബലവും എല്ലാം ഉൾപ്പെടുന്നു. തെമ്മാടികളെ നേരിടാനുള്ള കായബലമോ സഹായിക്കാൻ കഴിവും സന്നദ്ധതയുമുള്ള ബന്ധുക്കളോ അദ്ദേഹത്തിനുണ്ടായിരുന്നില്ല. അക്രമം തടയാൻ പ്രാപ്തരായ വിശ്വാസികളും ഉണ്ടായിരുന്നില്ല. അഭയംതേടി എന്നർഥമുള്ള أوىയിൽനിന്നുള്ളതാണ് ءَاوِىٓ. ഇതിനോട് اليه എന്നു ചേരുമ്പോൾ അവിടെ താവളമടിക്കുക എന്നും ചെന്നു താമസിക്കുക എന്നും അതിനോട് അഭയം തേടുക എന്നുമൊക്കെ അർഥം ലഭിക്കും. ഒരു വസ്തുവിന്റെ അടിസ്ഥാന ഘടകം, സ്തംഭം എന്നും മലനിരയുടെ സമതലത്തോടു ചേർന്നവശം എന്നും അർഥമുള്ള പദമാണ് رُكْنٍ. അല്ലെങ്കിൽ ഈ സന്ദർഭത്തിൽ എനിക്ക് സഹായം തേടാൻ പ്രബലമായ ഒരു ശക്തിയുണ്ടായിരുന്നുവെങ്കിൽ എന്നാണ് أَوْ ءَاوِىٓ إِلَىٰ رُكْنٍ شَدِيدٍ ന്റെ വിവക്ഷ. ആപൽഘട്ടങ്ങളിൽ സഹായിക്കാൻ തന്നെക്കാൾ ശക്തരായവരുണ്ടായിരിക്കുന്നത് പൗരാണിക കാലത്ത് വലിയ അന്തസും അഭിമാനവുമായി കരുതപ്പെട്ടിരുന്നു. വിപത്ത് വരുമ്പോൾ ഉന്നതരാരും തിരിഞ്ഞുനോക്കാത്ത അവസ്ഥ അപമാനകരവുമായിരുന്നു.

സൂക്തത്തിന്റെ താൽപര്യമിതാണ്: കഷ്ടം! എന്റെ അതിഥികൾ എന്റെ കൺമുമ്പിൽ വച്ച് അക്രമിക്കപ്പെട്ടതുതന്നെ. ഈ തെമ്മാടികളെ തടയാനുള്ള കായബലമോ ബന്ധുബലമോ കക്ഷിബലമോ ഒന്നും എനിക്കില്ലാതെ പോയി. ഈ പ്രതിസന്ധിയിൽ സഹായം തേടിചെല്ലാൻ പറ്റിയ ഒരു കേന്ദ്രവും എനിക്കില്ലല്ലോ!! ഞാൻ പൂർണമായി പരാജയപ്പെട്ടിരിക്കുന്നു. ഈ സംഭവം ആളുകൾക്ക് എന്നോടുള്ള നിന്ദയും വിരോധവും എന്റെ സന്ദേശത്തോടുള്ള നിഷേധവും കൂടുതൽ വർധിക്കാനിടയാക്കും.

ചില പ്രവാചകന്മാരെ തികച്ചും ഭഗ്നാശരാകുന്നതുവരെ പരീക്ഷിക്കുക അല്ലാഹുവിന്റെ സുന്നത്തിൽ– നടപടിക്രമത്തിൽ പെട്ടതാണ്. ഒടുവിൽ അവർക്കും ദൈവസഹായം വന്നെത്തും. حَتَّىٰٓ إِذَا ٱسْتَيْـَٔسَ ٱلرُّسُلُ وَظَنُّوٓا۟ أَنَّهُمْ قَدْ كُذِبُوا۟ جَآءَهُمْ نَصْرُنَا ദൈവദൂതന്മാർ ഭഗ്നാശരാവുകയും തങ്ങൾ പൂർണമായി തള്ളിക്കളയപ്പെട്ടുവെന്ന് തോന്നുകയും ചെയ്യുന്നതുവരെ പരീക്ഷിക്കപ്പെട്ട ശേഷം നമ്മുടെ സഹായം അവർക്കു വന്നെത്തുന്നു (12:110). وَزُلْزِلُوا۟ حَتَّىٰ يَقُولَ ٱلرَّسُولُ وَٱلَّذِينَ ءَامَنُوا۟ مَعَهُۥ مَتَىٰ نَصْرُ ٱللَّهِ ദൈവദൂതനും കൂടെയുള്ള വിശ്വാസികളും ഇനിയെപ്പോഴാണ് ദൈവസഹായം വന്നെത്തുക എന്ന് വെപ്രാളപ്പെടുവോളം പൂർവപ്രവാചകന്മാർ വിറപ്പിക്കപ്പെട്ടിട്ടുമുണ്ട്" (2:214). ഇത്തരം ഒരവസ്ഥയിലെത്തിയപ്പോൾ ലൂത്ത് നബി(അ)യിൽനിന്നുണ്ടായ ആത്മഗതമാണ് പ്രകൃതസൂക്തം ഉദ്ധരിക്കുന്നത്. യഥാർഥത്തിൽ ലൂത്ത് നബി നിരാലംബനായിരുന്നില്ല. ബലവത്തായ ഒരു സ്തംഭം رُكْنٍ شَدِيدٍ അദ്ദേഹത്തിനുണ്ടായിരുന്നു; പ്രപഞ്ച വിധാതാവായ അല്ലാഹു. ഒടുവിൽ അവൻ അദ്ദേഹത്തെ രക്ഷിക്കുകയും ചെയ്തു. ■